കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെളിയങ്കോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം 28/206/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 07.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് .(സെക്രട്ടറി മുഖേന)

വെളിയങ്കോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെളിയങ്കോട് ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************************************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം 28/206/2017 തിയ്യതി:07.02.2017

## മലപ്പുറം ജില്ലയിലെ വെളിയങ്കോട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ വെളിയങ്കോട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-4-2015 മുതൽ 19-12-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ.എസ്. ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 20-12-2016 മുതൽ 30-12-2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുൽ റഷീദ്. എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിജു പി.ഡാംസൺ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. സജീഷ്.എം.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. കെ.കെ.ബീരാൻകുട്ടി | 01-04-2015 മുതൽ<br>31-10-2015 വരെ |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം<br>(കൃഷി ഓഫീസർ, ഐ.സി.ഡി.എസ്, സെക്രട്ടറി എന്നിവർ അടങ്ങിയ ഭരണ നിർവഹണ സമിതി) | 01-11-2015 മുതൽ<br>18-11-2015 വരെ |
| ശ്രീമതി. പ്രേമജ സുധീർ | 19-11-2015 മുതൽ<br>31-03-2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി. കൊച്ചുബേബി | 01-04-2015 മുതൽ 31-12-2015 വരെ |
| ശ്രീമതി. അനിത രാമൻ<br>(ജൂനി.സൂപ്രണ്ട്- അധികചുമതല) | 01-01-2016 മുതൽ 01-02-2016 വരെ |
| ശ്രീ. പി.എസ്.രാമചന്ദ്രൻ<br>( അസി.സെക്രട്ടറി- അധികചുമതല) | 02-02-2016AN മുതൽ 05-02-2016 വരെ |

| | |
|---|---|
| ശ്രീ.അനംഗദാസൻ | 06-02-2016 മുതൽ 31-03-2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സി.ആർ.ശിവകുമാർ | 01-04-2015 മുതൽ<br>31-12-2015 വരെ |
| | ശ്രീ. പി.എസ്.രാമചന്ദ്രൻ | 21-1-2016മുതൽ 31-03-2016 വരെ<br>(1-01-16 മുതൽ 20-016 വരെ ആർക്കും ചുമതലയില്ല) |
| അസി. എഞ്ചിനിയർ | ശ്രീ. ഷംനാദ്.ജെ | 1-4-2015 മുതൽ 25-07-2015 വരെ |
| | ശ്രീ. പ്രസൂൺ.പി.പി | 26-07-2015 മുതൽ 31-03-2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സജീവ്.ടി.ഐ | 01-04-2015 മുതൽ 8-7-2015 വരെ |
| | ശ്രീ. രൻജിത് എം.ആർ | 9-7-2015 മുതൽ 31-03-2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. ബൈജു | 01-04-2015 മുതൽ 31-03-2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രദീപ് ജേക്കബ്.എ | 01-04-2015 മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സരസ്വതി | 01-04-2015 മുതൽ 12-01-2016 വരെ |
| | ശ്രീമതി.മൃദുല | 13-01-2016 മുതൽ<br>31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ശശികുമാർ | 01-04-2015 മുതൽ 15-05-2015 വരെ |
| | ഡോ. പ്രവീൺ | 16-05-2015 മുതൽ 2-08-2015 FNവരെ |
| | ഡോ.നസീബ. കെ.ടി | 03-08-2015 മുതൽ 17-11-2015 വരെ |
| | ഡോ.ആദർശ്.യു | 18-11-2015 മുതൽ 29-12-2015വരെ |
| | ഡോ. ഷാരിജ കെ.പി. ഷരീഫ് | 30-12-2015 മുതൽ 31-3-2016 വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | കെ.പി.വാസുദേവൻ | 01-04-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനൂബ്.വി.എ | 01-04-2015 മുതൽ 31-03-2016 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 12 | രശീതി പിരിവിലെ അപാകതകൾ | 2-1 | |
| 13 | തൊഴിൽ നികുതി പിരിവ് അപാകതകൾ | 2-2 | |
| | ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 14 | ആർജ്ജിതാവധി സറണ്ടർ- അധികം നല്കിയത് | 3-1 | |
| 15 | വികലാംഗർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ വിതരണം-വാങ്ങൽ രേഖകൾ ഹാജരാക്കിയില്ല. | 3-2 | |
| 16 | ചെലവു രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സം ചെയ്യുന്നു | 3-3 | |
| 17 | പ്രൊജക്ട് 9/2016 ഇലക്ട്രിക് ലൈൻ നീട്ടൽ-വിനിയോഗ -പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-4 | |
| 18 | സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം- എസ്റ്റിമേറ്റും മൂല്യനിർണ്ണയവുമില്ലാതെ മരാമത്തു പ്രവർത്തി നിർവ്വഹിച്ചു. | 3-5 | |
| 19 | തണൽ പരിരക്ഷ പാലിയേറ്റീവ് പരിചരണ പദ്ധതി അധികചെലവ് | 3-6 | |
| 20 | മീഡിയാശ്രീ- പദ്ധതി പുരോഗതി വിവരം ലഭ്യമാക്കിയില്ല | 3-7 | |

| | | | |
|---|---|---|---|
| 21 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് ധനസഹായം- വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-8 | |
| 22 | അസിസ്റ്റൻറ് എഞ്ചിനീയർ നടപ്പാക്കുന്ന പ്രോജക്ടുകൾ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-9 | |
| 23 | അസിസ്റ്റൻറ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ- കൂടുതൽ നിരക്ക് നല്കിയത് | 3-10 | |
| 24 | പച്ചക്കറി വിത്ത് വിതരണം അപാകതകൾ | 3-11 | |
| 25 | പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായില്ല | 3-12 | |
| 26 | ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തുന്നില്ല | 3-13 | |
| 27 | തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന | 3-14 | |
| 28 | അനുപൂരക പോഷകാഹാരം (എസ്.സി) -സർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതി നടപ്പിലാക്കി. | 3-15 | |
| 29 | SSA പദ്ധതികൾ പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ച് ആവിഷ്കരിക്കുന്നില്ല | 3-16 | |
| 30 | സ്കോളർഷിപ്പ് തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തില്ല. ചെക്കായി വിതരണം ചെയ്തു. | 3-17 | |
| 31 | പട്ടികജാതിക്കാർക്ക് ഓട്ടോറിക്ഷ വാങ്ങൽ ബാങ്ക് വായ്പ ഉറപ്പു വരുത്താതെ പണം നല്കി | 3-18 | |
| 32 | ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം -കുറഞ്ഞ ടെണ്ടർ അംഗീകരിച്ചില്ല. | 3-19 | |
| 33 | ആശ്രയ പദ്ധതി- അവലോകനം | 3-20 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 44 | Audit Certificate | 2 | |
| 45 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 46 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 47 | ബാലൻസ് ഷീറ്റ് | 5 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26-3-2015തിയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23-3-2016തിയതിയിലെ 11(1)-ാം തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 05.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 20-12-16 to 30-12-16 | റിപ്പോർട്ടിന്റെ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

വാർഷിക കണക്കുകളിലെ അപാകതകൾ

1) പ്രതിമാസം ബാങ്ക് റീക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

2)സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

3)ആസ്തി രജിസ്റ്റർ പ്രകാരമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ബാലൻസ് ഷീറ്റ് കാലികമാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | --- | 1,50,32,252 |
| വരവ് | – | 3,92,48,319 |
| ആകെ | - | 5,42,80,571 |
| ചെലവ് | - | 46120190 |
| നീക്കിയിരിപ്പ് | – | 81,60,381 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 22,61,666 | 1,17,61,272 | 1,40,22,938 | 1,13,23,291 | (+) 64,89,592 | 80.74 |
| വികസനഫണ്ട് എസ്.സി.പി. | 9,37,875 | 26,71,000 | 36,08,875 | 23,58,875 | (-) 9,37,875 | 65.36 |
| വികസനഫണ്ട് ടി.എസ്.പി. | 9000 | 9000 | 18000 | 9000 | (-)9000 | - |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 2,07,076 | 46,45,000 | 48,52,076 | 48,41,982 | - | 99.79 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 11,30,258 | 32,79,000 | 44,09,258 | 28,11,793 | - | 63.77 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8,19,786 | 73,04,785 | 81,24,571 | 31,96,969 | (-) 24,91,621 | 39.34 |
| പെർഫോമൻസ് ഗ്രാന്റ് | 34,88,770 | 30,51,096 | 65,39,866 | 30,63,516 | (-) 30,51,096 | 46.84 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 124 | 4,07,04,833 | 108 | 2,90,37,940 | 17 | 16 | 71.33 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 29.29 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4036332 | 26,85,719 | (-) 1350613 | (-) 33.46 |
| നികുതിയേതര വരവുകൾ | 308257 | 488125 | (+)179868 | (+)58.35 |
| മറ്റുവരവുകൾ | 187876 | 30937 | (-)156939 | (-) 83.53 |
| ആകെ | 4532465 | 3204781 | (-) 1327684 | (-) 29.29 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,27,320 | 85 |
| കർഷകതൊഴിലാളി പെൻഷൻ | 39,72,660 | 462 |
| വിധവാപെൻഷൻ | 92,65,680 | 834 |
| വാർദ്ധക്യകാലപെൻഷൻ | 1,19,29,140 | 1237 |
| വികലാംഗപെൻഷൻ | 41,73,470 | 376 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 5,04,800 | 49 |
| വിവാഹ ധനസഹായം | 3,30,000 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-12-2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,142 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1.ഗ്രാമ സഭ സംഘാടനം

ഗ്രാമ സഭകൾ 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണെങ്കിലും 2015-16 കാലയളവിൽ അപ്രകാരം ചേർന്നതായി കാണുന്നില്ല.എല്ലാ ഗ്രാമസഭകളും രണ്ട് പ്രാവശ്യം മാത്രമാണ് ചേർന്നിട്ടുള്ളത്.ആസൂത്രണ പ്രക്രിയയുടെ അവിഭാജ്യ ഘടകമായ ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടില്ല. മിക്ക ഗ്രാമസഭകളിലും പത്ത് ശതമാനം മാത്രമാണ് പങ്കാളിത്തം.ക്വാറം തികയാതെയും ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഉദാഹരണം
വാർഡ് 9 ചേരിക്കല്ല് 2/5/15, 4/7/15 തിയ്യതികളിൽ

വാർഡ് 1 ഉമർഖാസി 1/5/15 ന്.
ഗുണഭോക്തൃ പട്ടിക അംഗീകരിക്കുന്നത് മാത്രമാണ് മിക്ക ഗ്രാമസഭകളിലും നടന്നിട്ടുള്ളത്.വാർഷിക പദ്ധതികൾ തയ്യാറാക്കൽ, ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യൽ എന്നിവയൊന്നും ഗ്രാമ സഭകളിൽ അജണ്ടകളായി ഉൾപ്പെടുത്തിയിട്ടില്ല.
ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും നിയമവും ചട്ടങ്ങളും അനുശാസിക്കും വിധം സംഘടിപ്പിക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

2. ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ ഓഡിററിന് സമർപ്പിച്ചില്ല.

വെളിയംകോട് പി.എച്ച്.സി ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2004-05 മുതലുള്ള വാർഷിക കണക്കുകൾ നാളിതുവരെ ഓഡിററിന് സമർപ്പിച്ചിട്ടില്ല. വാർഷികകണക്കുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി ഇടപെടേണ്ടതാണ്.

3. തനത് ഫണ്ട് പ്രോജക്ടുകൾ തയ്യാറാക്കൽ-മാനദണ്ഡങ്ങൾ പാലിക്കുന്നില്ല
തനത് ഫണ്ട് പ്രോജക്ടുകൾ തയ്യാറാക്കാൻ തനത് വരുമാനത്തിൽ നിന്ന് ശമ്പളം,ഹോണറേറിയം,ഡെപ്പോസിററ് എന്നിവ കഴിച്ച് ബാക്കിവരുന്ന തുകയുടെ 20% മാത്രമേ തനത് ഫണ്ട് പ്രോജക്ടുകൾ ഉണ്ടാക്കാൻ വിനിയോഗിക്കാവൂ എന്ന് വ്യവസ്ഥയുണ്ട് ആയതിന്ന് വിരുദ്ധമായിട്ടാണ് തനത് ഫണ്ട് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06-12-2016 | 2016 നവംബർ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-7-2016 | 1997-98 To 2005-06 | 20-10-2006 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി പിരിവിലെ അപാകതകൾ

1. മാന്വൽ രശീതി ബുക്കിൽ രശീതികളുടെ എണ്ണം സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ഉദാഹരണം. രശീതി ബുക്ക് നമ്പർ 51340, 51339,51341, 51343.

2. രശീതികളിലെ തിരുത്തലുകൾ സാക്ഷ്യപ്പെടുത്തുന്നില്ല

ഉദാഹരണം. രശീതി ബുക്ക് നമ്പർ 51336 തിയ്യതി 4/3/16, 51343 തിയ്യതി 31/8/16

3. സാംഖ്യ രശീതി ക്യാൻസൽ ചെയ്യുന്നത് സാക്ഷ്യപ്പെടുത്തുന്നില്ല

രശീതികൾ ക്യാൻസൽ ചെയ്യുന്നതിന് കാരണം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ പല രശീതികളിലും സാക്ഷ്യപ്പെടുത്തൽ ഇല്ല.

ഉദാഹരണം . രശീതി നമ്പർ 11603100331 തിയ്യതി 23/4/16

## 2-2 തൊഴിൽ നികുതി പിരിവ് അപാകതകൾ

1. അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ മിനിമം വേതനം കാണിക്കുന്നില്ല.

കേരള സർക്കാർ ഉത്തരവ് നമ്പർ G.O (MS)36/11/G.Edn തി. 14/2/2011 പ്രകാരം അൺ എയിഡഡ് സ്കൂളിലെ കുറഞ്ഞ ശമ്പളം വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ഗ്രാമ പഞ്ചായത്തിലെ ഉമരി സ്കൂൾ, ശ്രീ വൈശ്യ വിദ്യാ നികേതൻ എന്നീ സ്കൂളുകളിൽ നിന്നും സമർപ്പിച്ച അർദ്ധ വാർഷിക തൊഴിൽ നികുതി റിട്ടേണുകളിൽ കാണിച്ച വരുമാനം ഉത്തരവ് പ്രകാരമുള്ള മിനിമം ശമ്പളത്തേക്കാളും കുറവാണ്. ഇത്തരത്തിൽ സമർപ്പിക്കുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധനയൊന്നും കൂടാതെ സ്വീകരിക്കുകയാണ് ചെയ്യുന്നത്.

2. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല.

1. ഹോമിയോ ഡിസ്പെൻസറി രണ്ടാം അർദ്ധ വർഷം

2. ശിഫ ഡയബെറ്റിക് കെയർ രണ്ടാം അർദ്ധ വർഷം

3. വെൽകം ഡെന്റൽ ക്ലിനിക് ഒന്നും രണ്ടു അർദ്ധവർഷങ്ങൾ

4. അൽ ഫലാഹ് സ്കൂൾ ഒന്നും രണ്ടു അർദ്ധവർഷങ്ങൾ

5. പെരുമ്പടപ്പ് കോക്കനട്ട് പ്രൊസസ്സിംഗ് സൊസൈറ്റി രണ്ടാം അർദ്ധ വർഷം

6. നിസ്ഫ ട്രാവൽ & ടൂർസ് രണ്ടാം അർദ്ധ വർഷം

7. MGNREGS വിംഗ് ഒന്നാം അർദ്ധ വർഷം

8. LSGD സെക്ഷൻ രണ്ടാം അർദ്ധ വർഷം

9. അൽ ഫലാഹ് ഇംഗ്ലീഷ് സ്കൂൾ ഒന്നും രണ്ടു അർദ്ധവർഷങ്ങൾ

3. വെളിയംകോട് പ്രൈമറി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസറുടെ ഒന്നും രണ്ടു അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല.

4.താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല.

1. ബി.എസ്.എൻ.എൽ

2. വെൽകം ഡെന്റൽ ക്ലിനിക്

3.അൽ ഫലാഹ് ഇംഗ്ലീഷ് സ്കൂൾ

4. ശ്രീ വൈശ്യ വിദ്യാ നികേതൻ

5.SMART ഇംഗ്ലീഷ് സ്കൂൾ

6.പെരുമ്പടപ്പ് കോക്കനട്ട് പ്രൊസസ്സിംഗ് സൊസൈറ്റി

7.ദാറുസ്സലാം ഇംഗ്ലീഷ് സ്കൂൾ

8. നിഷ ട്രാവൽ ആൻറ് ടൂർസ്

9..അൽ ഫലാഹ് സ്കൂൾ

അപാകതകൾ പരാമർശിച്ച് നൽകിയ അന്വേഷണക്കുറിപ്പ് നമ്പർ 4/26-12-16 ന് മറുപടിയായി ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചു തുടങ്ങിയതായി സെക്രട്ടറി അറിയിച്ചു. പുരോഗതി വിവരം റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ആർജ്ജിതാവധി സറണ്ടർ- അധികം നല്കിയത്

939/23-3-16നമ്പർ വൌച്ചർ പ്രകാരം ജീവനക്കാരിയ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീമതി രജീലയ്ക്ക് 20 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ 9,000 രൂപ അനുവദിച്ചിട്ടുണ്ട്. (13500/30*20=9,000). GO(P) No.324/2004/Fin12/7/2004 പ്രകാരം നിലവിലുള്ള 10 ദിവസത്തേക്ക് അനുവദിച്ച ആനുകൂല്യം 20 ദിവസത്തേക്ക് വർധിപ്പിച്ചെങ്കിലും, അർഹതയുണ്ടെങ്കിൽ മാത്രമേ നൽകാവൂയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. താൽക്കാലിക ജീവനക്കാർക്ക് ഒരു വർഷത്തേക്ക് പരമാവധി സ്വരുക്കൂട്ടാവുന്ന ആർജ്ജിതാവധി 15 മാത്രമായതിനാൽ 20 ദിവസത്തേക്ക് സറണ്ടർ അനുവദിച്ചത് ക്രമത്തിലല്ല.ടെക്നിക്കൽ അസിസ്റ്റന്റിന് ഒരു വർഷത്തേക്ക് കരാർ നിയമനം നൽകിയത്. അത് വർഷാവസാനം പുതുക്കുകയാണ്. ഒറ്റക്കരാറിൽ ഒന്നിലധികം വർഷത്തേക്ക് കരാർ നിയമനം നൽകിയെങ്കിൽ മാത്രമെ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. ആയതിനാൽ ഒരു വർഷത്തിൽ 15 ദിവസത്തേക്ക് 13500/30*15= 6,750 രൂപക്കാണ് അർഹത. കൂടാതെ ലീവ് അക്കൗണ്ട് വിവരങ്ങൾ പരിശോധിച്ചതിൽ 1-4-15 മുതൽ 31-3-16 വരെ 25 ആർജിതാവധി ക്രെഡിറ്റിൽ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.(1/11 നിരക്കിൽ 365-90= 275 ദിവസത്തേക്ക്) അധികം നല്കിയ തുക 2,250 രൂപ തിരിച്ചീടാക്കേണ്ടതാണ്. 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലും ഇതേ നിരക്കിൽ ആർജിതാവധി കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നു.അധികം നൽകിയ തുക തിരിച്ചീടാക്കേണ്ടതാണ്.

### 3-2 വികലാംഗർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ വിതരണം - വാങ്ങൽ രേഖകൾ ഹാജരാക്കിയില്ല.

സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് നം. 74/16 മുഖേന 4 വികലാംഗർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ വിതരണം ചെയ്തിട്ടുണ്ട്. കുറ്റിപ്പുറം കെൽട്രോൺ സിറാമിക്സ് ലിമിറ്റഡ് ആണ് സ്കൂട്ടർ വാങ്ങി നല്കിയിട്ടുള്ളത് ഇൻവോയ്സ് നം.MKTG/033/K dt 25-9-15. സ്കൂട്ടറിന് 69500 രൂപ നിരക്കിൽ 4എണ്ണത്തിന് 2,78,000 രൂപ വികസന ഫണ്ടിൽനിന്നും നൽകിയിട്ടുണ്ട്. (ബിൽ 26/20-11-15, വൗച്ചർ 21500033/20-10-15,ഡി.ഡി 196734/26-11-15) എന്നാൽ കെൽട്രോൺ സ്കൂട്ടർ വാങ്ങിയ ഡീലറിൽ നിന്നുള്ള ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.കെൽട്രോൺ നിർമിക്കാത്ത സ്കൂട്ടർ വാഹന ഏജൻസിയിൽ നിന്നും വാങ്ങി പഞ്ചായത്തിന് നൽകുകയാണ് ചെയ്യുന്നത്. യഥാർത്ഥ വാങ്ങൽ രേഖകൾ ഹാജറാക്കുന്നത്വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

### 3-3 ചെലവു രേഖകൾ ഹാജരാക്കാത്തതിനാൽ തടസ്സം ചെയ്യുന്നു

ചെലവിനാധാരമായ രേഖകൾ ഹാജരാക്കേണ്ടതാണ്

1. വൗച്ചർ 168/6-15 തി. 12-6-15 പ്രകാരം ചെക്ക് നമ്പർ - 17828/12-6-2015 ൽ ഉൾപ്പെടുന്നത് 1500 രൂപ.ഐ.ഐ.ടി പ്രവേശന പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ശ്രീ.അബ്ദുൽ സലാമിന് ട്രോഫി നൽകുന്നതിനായി പിൻവലിച്ച തുക.

2. വൗച്ചർ 169/6-15 തി. 12-6-15 പ്രകാരം ചെക്ക് നമ്പർ - 17828/12-6-2015 ൽ ഉൾപ്പെടുന്നത് 1500 രൂപ.SSLC പരീക്ഷയിൽ 100% വിജയം കൈവരിച്ചതിന് വെളിയംകോട് ഹൈസ്കൂളിന് ട്രോഫി നൽകുന്നതിനായി പിൻവലിച്ച തുക.

### 3-4 പ്രൊജക്ട് 9/2016 ഇലക്ട്രിക് ലൈൻ നീട്ടൽ-വിനിയോഗ -പൂർത്തീകരണ വിവരവും ലഭ്യമാക്കേണ്ടതാണ്.

തവളക്കുളത്ത് സ്ട്രീറ്റ് ലൈറ്റ് നീട്ടുന്നതിന് കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ച 1,49,581 രൂപയുടെ വിനിയോഗ -പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ 270/28-7-15 ബിൽ നമ്പർ 4/21-7-15

പ്ലാൻ ഫണ്ട് ജനറൽ 149581രൂപ .DD No.196593 dt 28-7-2015

കെ.എസ്.ഇ.ബി എ.ഇ യുടെ ES/DB/AE/2014-15/62 Dt 11-3-15 കത്ത് പ്രകാരമുള്ള എസ്റ്റിമേറ്റ് തുക KSEB അസി. എഞ്ചി., ഇല സബ്.ഡിവി പൊന്നാനി ക്ക് നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് , പ്രവർത്തി പൂർത്തീകരണ വിവരം എന്നിവ ഇല്ല.
പൂർത്തീകരണ വിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സം ചെയ്യുന്നു.

### 3-5 സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം- എസ്റ്റിമേറ്റും മൂല്യനിർണ്ണയവുമില്ലാതെ മരാമത്തു പ്രവർത്തി നിർവ്വഹിച്ചു

നിർവ്വഹണം ഹെഡ്മാസ്റ്റർ

പ്രൊജക്ട് 145/16 സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം എന്ന പ്രൊജക്ടിൽ 2 ലക്ഷം രൂപ അടങ്കലിൽ 500 ച.അടി ടൈൽ വിരിക്കൽ , ക്ലാസ്സ് റൂം പെയിന്റിംഗ്, വൈദ്യുതീകരണം, കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, ഫർണ്ണിച്ചർ വാങ്ങൽ എന്നിവയാണ് പ്രൊജക്ടിൽ ഉൾപ്പെടുത്തിയത്. പ്രൊജക്ട് നിർവ്വഹണത്തിലെ താഴെ പരാമർശിക്കുന്ന അപാകതകൾക്ക്

നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്.

1. സ്മാർട്ട് ക്ലാസ്സ് ടൈൽ വിരിക്കൽ എന്ന പ്രവർത്തിക്കായി 54,687 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ മൂല്യനിർണ്ണയം നടത്തുകയോ ചെയ്യാതെ നിർവഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ സ്വന്തം നില്ക്ക് സാധന സാമഗ്രികൾ വാങ്ങി പണിക്കാരെ വച്ച് പ്രവൃത്തി നിർവഹിച്ചിരിക്കുന്നു.

2. മരാമത്ത് പ്രവർത്തിക്കായി വാങ്ങിയ സാധന സാമഗ്രികൾ ( പെയിന്റിംഗ് സാധനങ്ങൾ ഒഴികെ ) വാറ്റ് ബില്ല് ഇല്ലാതെയാണ് വാങ്ങിയിരിക്കുന്നത്.

നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിലുള്ള പരിചയക്കുറവും മൂല്യനിർണ്ണയം നടത്തിത്തരാമെന്ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർദ്ദേശിച്ചതിനാലുമാണ് അപ്രകാരം സംഭവിച്ചത് എന്നും സ്കൂൾ കമ്മറ്റിയുടെ മേൽനോട്ടത്തിലാണ് നിർമ്മാണം നടത്തിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു.മരാമത്ത് പ്രവർത്തി നിർവ്വഹിക്കുന്നതിന് ചട്ടപ്രകാരമുള്ള നിർവ്വഹണ കമ്മറ്റി രൂപീകരിക്കാതിരുന്നത് ഉചിതമായ നടപടിയല്ല. ഇക്കാര്യത്തിൽ ഫലപ്രദമായ മോണിറ്ററിംഗ് ഉറപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-6 തണൽ പരിരക്ഷ പാലിയേറ്റീവ് പരിചരണ പദ്ധതി അധികചെലവ്

സ.ഉ(സാധാ) നം.3217/2015/തസ്വഭവ തി. 29.10.2015 പ്രകാരം ഹോംകെയർ ദിനങ്ങളിൽ ഗൃഹസന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് (പരമാവധി 3 പേർക്ക് ) ആവശ്യമായി വരുന്ന ഭക്ഷണച്ചെലവ് ഒരാൾക്ക് ഒരു ദിവസം പരമാവധി 60/- രൂപ എന്ന നിരക്കിൽ മാത്രമേ പ്രൊജക്റ്റിൽ വകയിരുത്തി നൽകാവൂ എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ പരമാവധി ആളുകളുടെ എണ്ണം 3 എന്നതും ഒരാൾക്ക് 60/- രൂപ എന്ന പരിധിയും പാലിക്കാതെ ഭക്ഷണത്തിന് തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

പദ്ധതിയുടെ പേര് :തണൽ പരിരക്ഷ പാലിയേറ്റീവ് പരിചരണ പദ്ധതി.

പ്രൊജക്റ്റ് നമ്പർ : 146/16

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി).

ചെലവ് തുക : 2,53,275- രൂപ. (വികസനഫണ്ട്).

| മാസം | വിസിറ്റ് ദിനങ്ങൾ | അർഹത | നൽകിയത് | അധികം |
|---|---|---|---|---|
| 11/2015 | 6 | 1080 | 2550 | 1470 |
| 12/2015 | 10 | 1800 | 4650 | 2850 |
| 1/2016 | 8 | 1440 | 2710 | 1270 |
| 2/2016 | 7 | 1260 | 2700 | 1440 |
| 3/2016 | 7 | 1260 | 2920 | 1660 |
| | | 6840 | 15530 | 8690 |

അധികം ചെലവഴിച്ച തുക 8690രൂപ തിരിച്ചടവാക്കേണ്ടതാണ്

## 3-7 മീഡിയാശ്രീ- പദ്ധതി പുരോഗതി വിവരം ലഭ്യമാക്കിയില്ല

2015-16 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ മീഡിയാശ്രീ എന്ന പ്രൊജക്റ്റ് (9/2016) പ്രകാരം ഗ്രാമ പഞ്ചായത്തിനെ കുറിച്ച് ഡോക്യുമെന്ററി തയ്യാറാക്കുന്നതിന് ₹ 65000 പിൻവലിച്ചിട്ടുണ്ട്. (ബിൽ നമ്പർ 6/15-16 തി. 21.07.2015 വൗച്ചർ 268/28-7-15 പ്ലാൻ ഫണ്ട് ജനറൽ ₹ 65000) കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ഈ പ്രൊജക്റ്റിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.വിശദാംശങ്ങളുടെ അഭാവത്തിൽ 65000 രൂപ തടസ്സം ചെയ്യുന്നു.

## 3-8 പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് ധനസഹായം- വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ജി.ഓ.(എം.എസ്) 188/2015 ത.സ്വ.ഭവ 08-06-2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തനതു ഫണ്ടിൽ നിന്നും നിന്നും എടപ്പാൾ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് 10000 രൂപ നൽകിയിട്ടുണ്ട്. (വൗച്ചർ 420/ 30-9-15 ചെക്ക് 235968/30-9-15). നിശ്ചിത ആവശ്യങ്ങൾക്ക മാത്രം തുക വിനിയോഗിക്കേണ്ടതാണെന്നും വിനിയോഗ വിവരം ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണെന്നും സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതു വരെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 അസിസ്റ്റൻറ് എഞ്ചിനീയർ നടപ്പാക്കുന്ന പ്രോജക്റ്റുകൾ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

അസിസ്റ്റൻറ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട് രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പ്രവർത്തികൾ ഏറ്റെടുക്കുന്ന കോൺട്രാക്റ്ററുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവർത്തി പൂർത്തീകരിക്കേണ്ടുന്ന തീയ്യതി രേഖപ്പെടുത്തുന്നില്ല.

2)കരാറുകാരിൽ നിന്നും ലഭ്യമാക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ രജിസ്റ്ററിൽ ചേർത്ത് സുരക്ഷിതമായി സൂക്ഷിക്കാതെ , അതാത് വർക്ക് ഫയലിൽ സൂക്ഷിക്കുന്നു.

## 3-10 അസിസ്റ്റൻറ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകൾ– കൂടുതൽ നിരക്ക് നല്കിയത്

എ)അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും , നടപ്പാക്കുകയും, തുക നല്കുകയും ചെയ്ത പൊതുമരാമത്ത് പ്രവർത്തികളിൽ ,റോഡ് റീ-ടാറിങ്ങിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ , DSR 2014 ലെ 16.32.2 നമ്പർ ഇനത്തിന് DSR പ്രകാരം അനുവദനീയമായ നിരക്കിലും കൂടുതൽ അനുവദിച്ചതായി കാണുന്നു.ഇപ്രകാരം ഈ ഇനത്തിന് കൂടിയ നിരക്ക് നല്കി ഉൾപ്പെടുത്തി, തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവർത്തികൾക്ക് മൂല്യം കണക്കാക്കി തുക അനുവദിച്ചിരിക്കുന്നത്.വിവരങ്ങൾ താഴെ ചേർക്കുന്നു.

DSR ഐറ്റം 16.32

2 cm premix carpet surfacing with 1.8 cum and 0.90 cum of stone chippings

of 13.2 mm size and 11.2 mm size respectively per 100 sqm and 52 kg and

56 kg of hot bitumen per cum of stone chippings of 13.2 mm and 11.2 mm

size respectively, including a tack coat with hot straight run bitumen,

including consolidation with road roller of 6 to 9 tonne capacity etc. complete

(tack coat to be paid for separately)

16.32.2

With paving Asphalt grade VG - 30 with no solvent (sqm) Rs.154.2

DSR 2014 പ്രകാരം ഈയിനത്തിനു അനുവദനീയമായ നിരക്ക് - 154.2 രൂ/ച.മീ.

മലപ്പുറം ജില്ല യിലേക്ക് അനുവദനീയമായ കോസ്റ്റ് ഇൻഡക്സ് - 1.3048

കോസ്റ്റ് ഇൻഡക്സ് അനുവദിച്ച ശേഷം നിരക്ക് (154.2 x 1.3048) - 201.20 രൂ/ച.മീ

വെളിയംകോട് ഗ്രാമപഞ്ചായത്തിൽ അനുവദിച്ച നിരക്ക്. - 226.06 രൂ/ച.മീ

കൂടുതൽ നിരക്ക് നല്കിയതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ടതുക ₹123786 ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

| ക്രമ.ന | പ്രവർത്തി | [illegible] ഉൾപ്പെട്ടതായിരിക്കുന്ന എസ്റ്റിമേറ്റ് | രേഖപ്പെടുത്തിയിരിക്കുന്ന എം-ബുക്ക്.നമ്പർ, പേജ് [illegible] | ചെയ്ത അളവ്, ച.മീ. ൽ | നൽകിയ നിരക്ക് ച.മീ.ന് | നൽകിയ തുക | നൽകാവുന്ന നിരക്ക് ച.മീ.ന് | നൽകാവുന്ന തുക | അധികം നൽകിയ തുക | [illegible] ബിൽനമ്പർ | തീയ്യതി | ആകെ ബിൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | തൊഴുവാന്നൂർ റോഡ് റീ ടാറിങ്ങ്. | 3 | 47/15-16, 13,14 | 306 | 226.06 | 69174.36 | 201.27 | 61588.62 | 7585.74 | 21 | 21-1-2016 | 1,35,000 |
| 2 | കല്ലേപ്പറമ്പ് -കണ്ണങ്കാവ് റോഡ് റീ ടാറിങ്ങ് | 3 | 48/15-16, 14,15 | 320 | 226.06 | 72339.20 | 201.27 | 64406.40 | 7932.80 | 22 | 21-1-2016 | 1,38,000 |
| | പാടത്ത കായിൽ തണ്ണീർത്തുറ ബദർ പള്ളി | | | | | | | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 3 | റോഡ് മെറ്റലിംഗ് ടാറിങ്ങ് | 6 | 50/15-16,21 | 628.8 | 226.06 | 142146.53 | 201.27 | 126558.58 | 15587.95 | 24 | 12-2-2016 | 4,20,000 |
| 4 | നാക്കാല പഴഞ്ചിറ റോഡ് റീ ടാറിങ്ങ് | 3 | 49/15-16,13,14 | 705.16 | 226.06 | 159408.47 | 201.27 | 141927.55 | 17480.92 | 25 | 12-02-2016 | 3,00,000 |
| 5 | AKG മാറാഞ്ചേരി അതിർത്തി റോഡ് | 3 | 51/15-16,13,14 | 528.56 | 226.06 | 119486.27 | 201.27 | 106383.27 | 13103.00 | 26 | 20-02-2016 | 2,25,000 |
| 6 | പഴഞ്ഞി ചാങ്കേൽ റോഡ് മെറ്റലിംഗ് ടാറിങ്ങ് | 6 | 57/15-16,19,20,21 | 711.01 | 226.06 | 160730.92 | 201.27 | 143104.98 | 17625.94 | 32 | 18-03-2016 | 4,60,000 |
| 7 | പെരുമ്പടിശ്ശേരി മാറാഞ്ചേരി റോഡ് റീ ടാറിങ്ങ്. | 3 | 61/15-16,10 | 408.2 | 226.06 | 92277.69 | 201.27 | 82158.41 | 10119.28 | 44 | 01-04-2016 | 1,75,000 |
| 8 | താഴത്തേൽപ്പടി പെരുമ്പടിശ്ശേരി റോഡ്- റീ ടാറിങ്ങ്. | 3 | 63/15-16,9,10 | 481.5 | 226.06 | 108847.89 | 201.27 | 96911.51 | 11936.39 | 45 | 01-04-2016 | 2,00,000 |
| 9 | പൂങ്കൈത റോഡ് മെറ്റലിംഗ് & ടാറിങ്ങ് | 6 | 70/15-16,13,14 | 494.4 | 226.06 | 111764.06 | 201.27 | 99507.89 | 12256.18 | 49 | 01-04-2016 | 3,25,000 |
| 10 | ശ്മശാനം റോഡ് റീ ടാറിങ്ങ്. | 3 | 62/15-16,11,12 | 409.77 | 226.06 | 92632.61 | 201.27 | 82474.41 | 10158.20 | 46 | 01-04-2016 | 1,75,000 |
| | | | | | | 1128808.00 | | 1005021.62 | 123786.39 | | | |

ബി) താഴെ ചേർത്തിരിക്കുന്ന രേഖകൾ ഓഡിററിന് ഹാജരാക്കിയിട്ടില്ല.

- 2015-16 ബാങ്ക് പാസ്സ്ബുക്ക്

- ടെണ്ടർ പത്രപരസ്യം

-KCWWF ലേക്ക് തുക അടവാക്കിയതിൻറെ കൈപ്പറ്റു രസീതുകൾ, ഫയൽ.

## 3-11 <u>പച്ചക്കറി വിത്ത് വിതരണം അപാകതകൾ</u>

പ്രൊജക്റ്റ് 46/16 പച്ചക്കറി വിത്ത് വിതരണം

വികസന ഫണ്ട് (എസ്.സി.പി)- 10,000 രൂപ

ബിൽ 1/15-16 തി. 14-3-16

കേരള അഗ്രി. യൂണി. ഇൻവോയ്സ് KVK/MPM/201/04 തിയ്യതി 30-12-15

ഡി.ഡി 481216/7-4-16.

50 രൂ സബ്സിഡി നിരക്കിൽ 200 പച്ചക്കറി കിറ്റ് വിതരണം ചെയ്യുന്നതിന് തയ്യാറാക്കിയ പ്രൊജക്റ്റിൽ 376 പേർ ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറി.200 പേർക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്
വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1.രജിസ്റ്ററിലെ ക്രമ നം. 5 മുതൽ 27 വരെ യുള്ള ഗുണഭോക്താക്കളുടെ കിറ്റുകൾ ( 23എണ്ണം) ഒരാൾ തന്നെ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

2. രജിസ്റ്ററിലെ ക്രമ നം. 84 മുതൽ 110 വരെയുള്ള ഗുണഭോക്താക്കളുടെ കിറ്റുകൾ 7-ാം വാർഡ് ADS ആയ പ്രേമ എന്നയാൾ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്

3. രജിസ്റ്ററിലെ ക്രമ നം. 132 മുതൽ 200 വരെ ഡ്യൂപ്ളിക്കറ്റ് എന്ട്രിയാണ്. കൈപ്പറ്റിയവർ തന്നെ വീണ്ടും കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ( ക്രമ നമ്പർ -159 മുതൽ 170, 180,181,190,191, 196,197,198 ഒഴികെ ).

ആകെ സ്റ്റോക്കിലെടുത്ത 200 പച്ചക്കറി കിറ്റുകളിൽ 100 എണ്ണം മാത്രമാണ് യഥാർത്ഥ ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടുള്ളത്. 50 കിറ്റുകൾ ഡ്യൂപ്ളിക്കറ്റ് എന്ട്രിയാണ് എന്ന കാണുന്നു.ബാക്കി 50 എണ്ണം യഥാർത്ഥ ഗുണഭോക്താക്കളുടെ കൈപ്പറ്റ് ഇല്ലാത്തതുമാണ്.

സ്റ്റോക്ക് /ഇഷ്യൂ രജിസ്റ്റർ പ്രകാരം വിതരണത്തിലെ അപാകതകൾ കാരണം 100 കിറ്റുകളുടെ വില 5000 രൂപ തടസ്സം ചെയ്യാതിരിക്കുന്നതിന് കാരണം ഉണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് ( നമ്പർ 14/28-12-16) ക്രമ നം. 5 മുതൽ 27 വരെ യുള്ള ഗുണഭോക്താക്കളുടെ കിറ്റുകളും ക്രമ നം. 84 മുതൽ 110 വരെയുള്ള ഗുണഭോക്താക്കളുടെ കിറ്റുകളും ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ കൈപ്പറ്റ് ഹാജരാക്കി. എന്നാൽ 50 കിറ്റുകൾ ഗുണഭോക്താക്കൾ സ്വീകരിക്കാൻ എത്താത്തതിനാൽ കൂടുതൽ കൃഷി ചെയ്യാൻ താൽപര്യമുള്ളവർക്ക് നൽകുകയാണ് ചെയ്തത്

എന്നാണ് അറിയിച്ചത്.376 പേരുടെ ഗുണഭോക്തൃപട്ടികയുണ്ടായിരിക്കെയും കൃഷി ഫീൽഡ് ഉദ്യോഗസ്ഥർ ഉണ്ടായിരിക്കെയും ഗുണഭോക്താക്കൾ എത്താത്തതിനാൽ എന്ന കാരണം യുക്തിസഹമല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാനും നിർവ്വഹണ ഉദ്യോഗസ്ഥർ കാര്യക്ഷമമായി പദ്ധതി നിർവ്വഹണം നടത്തുന്നുവെന്ന് ഉറപ്പുവരുത്താനും ഭരണസമിതിയുടെ ഇടപെടൽ ആവശ്യമാണ്.

## 3-12 പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായില്ല

പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയ മുഴുവൻ തുകയ്ക്കും നാളിതു വരെയും ലഭ്യമായതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രൊജക് | നൽകിയ തുക | ഡി.ഡി | ലഭ്യമായ മരുന്നുകളുടെ തുക | ബാക്കി |
|---|---|---|---|---|---|
| 1 | 53/2016 തണൽ പരിരക്ഷ | 2 ലക്ഷം | 7780/4-4-16 | 1,83,157 | 16843 |
| 2 | 50/2016 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | 1 ലക്ഷം | 7785/21-3-16 | 93,947 | 6,053 |
| | | | | ആകെ | 22896 |

മരുന്നുകൾ ലഭിക്കുന്നതിന് അസാധാരണമായ കാലതാമസം ഉണ്ടായിരിക്കുന്നു. പ്രൊജക്ട് 53/16 ലെ 44,187 രൂപയുടെ മരുന്ന് 17-12-2016 ലെ 5578 നമ്പർ ഇൻവോയ്സ് പ്രകാരവും പ്രൊജക്ട് 50/16 ലെ 49,003 രൂപയുടെ മരുന്ന് 17-12-2016 ലെ 5579 നമ്പർ ഇൻവോയ്സ് പ്രകാരവുമാണ് കിട്ടിയത്. ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിനു നടപടികൾ സ്വീകരി ക്കേണ്ടതാണ്. ഭാവിയിൽ സമയബന്ധിതമായി മരുന്ന് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-13 ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വാഹനമായ ബൊലേറോ ജീപ്പിന്റെ ( KL 54B 7070) ലോഗ് ബുക്ക് പരിശോധിച്ചതിൽ ജി.ഒ (എം.എസ്) 17017 ത.സ്വ.ഭ.വ 30/6/2007 ഉത്തരവ് വാഹന പരിപാലനത്തിൽ പരിഗണിക്കുന്നില്ല എന്ന് കാണുന്നു.

താഴെ പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. ആറു മാസത്തിലൊരിക്കൽ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ഇന്ധന ക്ഷമതാ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല.

2. വാഹനത്തിൽ ഫുൾ കപ്പാസിറ്റിയിൽ ഇന്ധനം നിറക്കുന്നില്ല.

3. വാഹനത്തിൽ അറ്റകുറ്റ പണി നടത്തുന്ന വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

4. ഓരോ മാസത്തെയും ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും ഓടിയ കിലോമീറ്റർ സംബന്ധിച്ചുമുള്ള സംക്ഷിപ്തം മാസാവസാനം രേഖപ്പെടുത്തുന്നില്ല.( സർക്കുലർ നമ്പർ 41/2008/ധനം 02/08/08).

5.യാത്ര അവസാനിച്ചാൽ യാത്ര ചെയ്ത ദൂരവും വാഹനം ഉപയോഗിച്ച ആളുടെ ഒപ്പും ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. ( 28/11/15, 29/11/15, 31/11/15, 1/12/15).

വാഹന പരിപാലനത്തിൽ ചട്ടങ്ങളും ഉത്തരവുകളും പാലിക്കേണ്ടതാണ്.

## 3-14 തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന

31-12-15 ലെ 3(7) നമ്പർ തീരുമാന പ്രകാരം തെരുവു വിളക്ക് സംയുക്ത പരിശോധന സംബന്ധിച്ച KSEB Ex Engineer ടെ 23-12-15 ലെ കത്ത് AB/ Street light /2015-16/321 യോഗത്തിൽ വായിച്ച് സഹകരിക്കാൻ തീരുമാനിച്ചു. എന്നാൽ കെ.എസ്.ഇ.ബി പുറങ്ങ് സെക്ഷൻ പരിധിയിൽ വരുന്ന തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന മാത്രമാണ് പൂർത്തീകരിച്ചത്.പെരുമ്പടപ്പ് , പൊന്നാനി സെക്ഷൻ ഓഫീസുകൾക്ക് കീഴിൽ വരുന്ന തെരുവു വിളക്കുകളുടെ പരിശോധനക്ക് കെ.എസ്.ഇ.ബി ജീവനക്കാർ എത്താത്തതിനാൽ നടപ്പായിട്ടില്ല. ആയത് പൂർത്തീകരിക്കുന്നതിന് നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

## 3-15 അനുപൂരക പോഷകാഹാരം (എസ്.സി) -സർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതി

നടപ്പിലാക്കി.

പ്രോജക്റ്റ് നമ്പർ. എസ്. 57/16(എസ്.സി.പി.)

പ്രോജക്റ്റ് അടങ്കൽ - 3,50,000(എസ്.സി.പി.),

പ്രോജക്റ്റ് ചെലവ് - 3,50,000/-

എസ്.സി.പി.ഫണ്ടുകൾ അങ്കണവാടികളിൽ ഭക്ഷ്യധാന്യത്തിന് വകയിരുത്തുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥ ഓരോ വിഭാഗത്തിലെയും കുട്ടികളുടെ എണ്ണം, ഗർഭിണികളുടെ എണ്ണം, കൗമാരപ്രായക്കാരുടെ എണ്ണം, അവരുടെ ശതമാനം സംബന്ധിച്ച സാക്ഷ്യപത്രം അനിവാര്യമായി സമർപ്പിക്കണം. എന്നാൽ ഇത്തരം നിബന്ധന നിർവ്വഹണ ഉദ്യോഗസ്ഥ പാലിച്ചിട്ടില്ല. എസ്.സി.പി ഫണ്ട് അത് ചെലവഴിക്കാൻ അനുവാദമുള്ള മേഖലയിൽ അല്ലാതെ ചെലവഴിക്കപ്പെടുന്നതിന് ഇടയാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ഭരണ സമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പദ്ധതി നടത്തിപ്പിലെ പൊതു അപാകതകൾ

1.. അംഗനവാടി വർക്കർമാർ ഹാജരാക്കുന്ന അപേക്ഷകളും വൗച്ചറുകളും പരിശോധിക്കുന്നില്ല.

2. അംഗനവാടികളിലെ സ്റ്റോക്ക് രജിസ്റ്ററുകൾ കാലികമായ പരിശോധനക്ക് വിധേയമാക്കുന്നില്ല.

## 3-16 SSA പദ്ധതികൾ പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ച് ആവിഷ്കരിക്കുന്നില്ല

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/13 തി. 16.11.2013 പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും , എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്.

## 3-17 സ്കോളർഷിപ്പ് തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തില്ല. ചെക്കായി വിതരണം ചെയ്തു.

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് 73 ഗുണഭോക്താക്കൾക്ക് ചെക്ക് വഴിയാണ് വിതരണം നടത്തിയത്.1000 രൂപയിൽ കവിഞ്ഞ പണം നൽകൽ ഡി.ഡി ആയി മാത്രമെ പാടുള്ളൂ എന്ന് ജി.ഒ(പി) 177/2006 ഫിൻ തി. 12.04.2006 ലും സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി നൽകണമെന്ന് ജി.ഒ(എം.എസ്) 362/13 ത.സ്വ.ഭ.വ തി. 16.11.2013 ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ട്. നിർദേശം പാലിക്കേണ്ടതാണ്.

## 3-18 പട്ടികജാതിക്കാർക്ക് ഓട്ടോറിക്ഷ വാങ്ങൽ ബാങ്ക് വായ്പ ഉറപ്പ് വരുത്താതെ പണം നല്കി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതിക്കാർക്ക് ഓട്ടോറിക്ഷ വാങ്ങൽ 127/2016 എന്ന പ്രൊജക്ടിൽ 7 ഗുണഭോക്താക്കൾക്ക് 50,000 രൂപ വീതം ധനസഹായം അനുവദിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

1. സ്വയം തൊഴിലിനായി മറ്റ് ഏജൻസികളിൽ നിന്നോ മറ്റേതെങ്കിലും പരിപാടി പ്രകാരമോ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ആകരുത് എന്നത് ബോധ്യപ്പെട്ടതായി രേഖകളില്ല.

2. പ്രൊജക്ട് നടപ്പാക്കേണ്ടത് വായ്പാ ബന്ധിതമായിരിക്കുകയും ധനസഹായ തുക ബാക്ക് എന്ഡഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകുകയും വേണം. എന്നാൽ ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പ അനുവദിക്കുമെന്ന് ബന്ധപ്പെട്ട ബാങ്ക് അധികാരികളിൽ നിന്നും കത്ത് ഹാജരാക്കാതെ മുഴുവൻ ഗുണഭോക്താക്കൾക്കുമുള്ള സബ്സിഡി തുക മുഴുവൻ ബാങ്കിലേക്ക് നല്കിയിരിക്കുന്നു.

3. ഗുണഭോക്താക്കളായ 1. ശ്രീ. പി.ആർ.നിധിൻരാജ് ,പയ്യപ്പള്ളി , എരമംഗലം എന്നയാൾക്ക് വായ്പ അനുദിക്കാനാവില്ലെന്നും 2. ശ്രീ. അരുൺ. പി. എ എന്നയാൾ വായ്പ ലഭിക്കുന്നതിനായി ബാങ്കിനെ സമീപിച്ചിട്ടില്ലെന്നും പഞ്ചാബ് നാഷനൽ ബാങ്ക് മാനേജർ നിർവഹണ ഉദ്യോഗസ്ഥനായ അസി. സെക്രട്ടറിയെ 26-5-16 ലെ കത്ത് മുഖേന അറിയിച്ചു. ബാക്ക് എൻഡ് സബ്സിഡിയായി ആനുകൂല്യം അനുവദിക്കുന്നതിനായി ഗുണഭോക്താക്കൾ ബാങ്കിനെ സമീപിച്ചിട്ടില്ലെന്നും നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി മുഴുവൻ സബ്സിഡി തുകയും ബാങ്കിന് നൽകുകയാണ് ചെയ്തതെന്നും വ്യക്തമാണ്.

ഇത്തരത്തിൽ ചെയ്തതു കാരണം 1 ലക്ഷം രൂപ ബാങ്കിന്റെ സൺഡ്രി അക്കൗണ്ടിൽ മുടങ്ങിക്കിടക്കുന്ന അവസ്ഥ ഉണ്ടാവുകയും ചെയ്തു. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മുടങ്ങിക്കിടക്കുന്ന തുക തിരിച്ചടവാക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.തുക

തിരിച്ചടവാക്കുന്നത് വരെയുള്ള പലിശ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. അനാവശ്യ ചെലവ് തുക നിരാകരിക്കുന്നു.

## 3-19 ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം -കുറഞ്ഞ ടെണ്ടർ അംഗീകരിച്ചില്ല.

പ്രൊജക്ട് 77/16.ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം.

വികസന ഫണ്ട് ജനറൽ 1,30,000 രൂപ

ചെലവ് 1,30,000 ബിൽ 34/25-1-16 വൗച്ചർ 683/30-1-2016

20 ക്ളബുകൾക്ക് 9 ഇനങ്ങൾ ഉൾപ്പെടുത്തിയ കിറ്റ് വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്.

സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുന്നതിനായി 2 ടെണ്ടറുകൾ ലഭിച്ചു. 29-9-15 ലെ 1(1) നമ്പർ തീരുമാനം പ്രകാരം ടെണ്ടറിൽ ഉയർന്ന തുക രേഖപ്പെടുത്തിയിട്ടുള്ളതിനാലും ടെണ്ടറിൽ പ്രിലിമിനറി എഗ്രിമെന്റ് ഉൾപ്പെടുത്താത്തതിനാലും നിരസിക്കുന്നതായി 30-9-15 ലെ എ2-4462/2015 കത്തിലൂടെ റിയൽ ഗ്രൂപ് ഓഫ് കമ്പനീസ്, മലപ്പുറത്തെ അറിയിച്ചു.കൂടുതൽ ഇനങ്ങൾക്കും കുറഞ്ഞ വില രേഖപ്പെടുത്തിയിട്ടുള്ളത് റിയൽ ആണെന്നു കാണുന്നു.പ്രിലിമിനറി എഗ്രിമെന്റ് ഹാജരാക്കാൻ ആവശ്യപ്പെടാതെ റിജക്ഷൻ ലെറ്റർ അയച്ചതായി കാണുന്നു. സാധുവായ ഒരു ടെണ്ടർ മാത്രം ശേഷിക്കെ റി-ടെണ്ടർ നടപടികൾ സ്വികരിക്കാതിരുന്നത് പ്രൊക്വയർമെന്റ് മാന്വലിലെ നിർദേശങ്ങൾക്ക് വിരുദ്ധമാണ്. റി ടെണ്ടർ വിളിച്ച് മത്സരാധിഷ്ഠിത സ്വഭാവം നിലനിർത്താതെ അധിക നിരക്കിലെ ടെണ്ടർ സ്വീകരിച്ചത് ക്രമപ്രകാരമല്ലാത്തതിനാൽ ഇടപാടിൽ നഷ്ടം സംഭവിച്ചതായി വിലയിരുത്തുന്നു. പർച്ചേസ് കമ്മിറ്റി മിനട്സ് ഹാജരാക്കിയിട്ടില്ല.റിജക്ഷൻ ലെറ്റർ കക്ഷിക്ക് നൽകിയതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല.

ടെണ്ടർ പ്രകാരമുള്ള വിലകൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | റിയൽ ഗ്രൂപ് ഓഫ് കമ്പനീസ്, മലപ്പുറം | രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി | രാജധാനി ഏജൻസീസിന് ബിൽ പ്രകാരം നൽകിയ തുക | റിയൽ ഗ്രൂപ് ക്വാട്ട് ചെയ്ത പ്രകാരമുള്ള വില |
|---|---|---|---|---|---|
| 1 | വോളി ബോൾ | 440 | 448 | 14784 | 14520 |
| 2 | ഫുട്ട് ബോൾ | 420 | 490 | 16170 | 13860 |
| 3 | ക്രിക്കറ്റ് ബാറ്റ് | 600,800 | 600 | 39600 | 39600 |
| 4 | ക്രിക്കറ്റ് ബാൾ | 70,120 | 50 | 1650 | 2310 |
| 5 | ഷട്ടിൽബാറ്റ് | 180 | 350 | 23100 | 11880 |
| 6 | ഷട്ടിൽ കോക്ക് | 400 | 190 | 6270 | 13200 |
| 7 | ഷട്ടിൽ നെറ്റ് | 195 | 240 | 7920 | 6435 |
| 8 | വോളിബോൾ നെറ്റ് | 470 | 350 | 11550 | 15510 |
| 9 | ക്രിക്കറ്റ് സ്റ്റമ്പ് | 220,260 | 300 | 9900 | 7260 |
| | | ആകെ | | 1,30,944 | 1,24,575 |

അധികം ചെലവു വന്ന തുക - 6369 രൂപ. അടങ്കൽ തുകയിൽ പരിമിതപ്പെടുത്തി തുക നൽകിയതിനാൽ ഏറ്റവും കുറഞ്ഞ നഷ്ടം. 5425 രൂപ.

മേൽ പരാമർശങ്ങൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിമാർക്സ് ലഭ്യമാക്കേണ്ടതാണ് എന്ന അന്വേഷണക്കുറിപ്പിന് ഗുണമേൻമയുള്ള സാധനങ്ങൾ എന്ന് പ്രോക്യൂർമെന്റ് കമ്മിറ്റി കണ്ടെത്തിയ സാധനങ്ങളാണ് ഭരണസമിതി തീരുമാന പ്രകാരം വാങ്ങിയിട്ടുള്ളത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.പർച്ചേസ് കമ്മിറ്റി മിനട്സ് ,റിജക്ഷൻ ലെറ്റർ കക്ഷിക്ക് നൽകിയതിന്റെ രേഖകൾഎന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ടെണ്ടർ നടപടികൾ ക്രമത്തിലല്ലാത്തതിനാലും അധികം ചെലവ് ചെയ്ത ₹

5425 ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-20 ആശ്രയ പദ്ധതി- അവലോകനം

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിൽ കഴിയുന്ന വെളിയങ്കോട് വില്ലേജ് ഉൾപ്പെടുന്നതാണ് വെളിയങ്കോട് ഗ്രാമപഞ്ചായത്ത്. ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗം തീരദേശ മേഖലയും കിഴക്കുഭാഗം കാർഷിക മേഖലയുമായി നിലകൊള്ളുന്നു.ആശ്രയ പദ്ധതി ഫലപ്രദമായി നടപ്പിലാക്കേണ്ടുന്ന പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് വെളിയങ്കോട് ഗ്രാമ പഞ്ചായത്ത്.

2003 മുതൽ സംസ്ഥാന വ്യാപകമായി ആരംഭിച്ച അഗതി പുനരധിവാസ പദ്ധതിയായ ' ആശ്രയ ' 2011 ലാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കി തുടങ്ങുന്നത്.2011-14 കാലയളവിൽ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഒന്നാം ഘട്ടം ആവിഷ്കരിച്ചത്.ഗ്രാമ പഞ്ചായത്തിൽ കുടുംബശ്രീ നടത്തിയ സർവ്വേയിൽ കണ്ടെത്തിയ 211 അഗതി കുടുംബങ്ങളെയാണ് ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയത്.

നാളിതുവരെയുള്ള പദ്ധതി വിവരം

| അടങ്കൽ | നാളിതുവരെയുള്ള വരവ് | നാളിതുവരെയുള്ള ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 6188260 | 2315000 | 1192285 | 1185715 |

മൊത്തം അടങ്കൽ തുകയുടെ 19% മാത്രമാണ് നാളിതുവരെ ചെലവഴിച്ചത്.അടങ്കൽ തുകയുടെ 37% മാത്രമാണ് പദ്ധതി നടത്തിപ്പിനായി കൈമാറിയത്.അതിൽ തന്നെ 51.22 % ( 1185715 രൂപ) ചെലവഴിക്കാതെ നീക്കിയിരിപ്പാണ്.നടപ്പാക്കിയ പദ്ധതി പരിശോധിച്ചാൽ ലക്ഷ്യമൊന്നും കൈവരിച്ചില്ല എന്ന് വ്യക്തമാകും.2015-16 സാമ്പത്തിക വർഷം ആശ്രയ അക്കൗണ്ടിൽ താഴെ പറയും പ്രകാരം തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ട് .

ആശ്രയ സർവ്വേ നടത്തുന്നതിന് അനുവദിച്ചത്- 15,000 രൂപയടക്കം ( 13-5-15)

ബാങ്ക് ഇന്ററസ്റ്റ് - 51043 രൂപ (31-03-16)

ആകെ. 66043 രൂപ.

ആശ്രയ അക്കൗണ്ടിൽ നിന്നും 2015-16 ൽ യാതൊരു വിധ ചെലവുകളും നടത്തിയിട്ടില്ല. ആശ്രയ രണ്ടാം ഘട്ട സർവ്വേ നടത്തുന്നതിനുള്ള നടപടികളും 2015-16 ൽതുടങ്ങിയിട്ടില്ല. 31-3-2016 ൽ ആശ്രയ അക്കൗണ്ടായ അണ്ടത്തോട് സർവ്വീസ് കോ-പ്പറേറ്റീവ് ബാങ്കിലെ 8110 -ാം നമ്പർ അക്കൗണ്ടിൽ 13,29,609 രൂപ നീക്കിയിരിപ്പുണ്ട്. 31-3-16 ന ശേഷം ബാങ്ക് പാസ് ബുക്കിൽ എന്ട്രികളൊന്നും നടത്തിയിട്ടില്ല.

പദ്ധതി പ്രകാരം 18 വീടുകൾ നിർമ്മിച്ച നൽകുന്നതിന് പ്രൊജക്റ്റ് വിഭാവനം ചെയ്തുവെങ്കിലും 2 വീടുകൾ മാത്രമാണ് നിർമ്മിച്ച നൽകിയത്. ആശ്രയ പദ്ധതി സംഗ്രഹം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | 1st പ്രൊജക്റ്റ് | 2nd പ്രൊജക്റ്റ് |
|---|---|---|---|
| 1 | ആകെ ഗുണഭോക്താക്കൾ | 211 | സർവ്വേ നടപടികൾ ആരംഭിക്കുന്നു. |
| 2 | വീടിന് സ്ഥലം ആവശ്യമുള്ളവർ | ഇല്ല | |
| 3 | വീടിന് സ്ഥലം ലഭിച്ചവർ | -- | |
| 4 | വീട് ആവശ്യമുള്ളവർ | 18 | |
| 5 | വീട് ലഭിച്ചവർ | 2 | |
| 6 | ഭക്ഷണം ആവശ്യമുള്ളവർ | 211 | |
| 7 | ഭക്ഷണം ലഭിച്ചവർ | 211 | |
| 8 | വീട് റിപ്പയർ ആവശ്യമുള്ളവർ | 87 | |
| 9 | വീട് റിപ്പയർ | ഇല്ല | |

| | | | |
|---|---|---|---|
| | ലഭിച്ചവർ | | |
| 10 | കക്കൂസ് ആവശ്യമുള്ളവർ | 40 | |
| 11 | കക്കൂസ് ലഭിച്ചവർ | ഇല്ല | |
| 12 | കുടിവെള്ളം ആവശ്യമുള്ളവർ | 18 | |
| 13 | കുടിവെള്ളം ലഭിച്ചവർ | ഇല്ല | |
| 14 | വൈദ്യുതി ആവശ്യമുള്ളവർ | ഇല്ല | |

2014 ൽ പൂർത്തീകരിക്കേണ്ട പ്രൊജക്ട് 2016 ലും ലക്ഷ്യം കണ്ടില്ല.സാമൂഹികവും സാമ്പത്തികവുമായി ഏറ്റവും പിന്നിൽ നിൽക്കുന്ന ജനവിഭാഗത്തിന് കൈത്താങ്ങാവുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ആശ്രയ പദ്ധതി തമസ്കരിക്കപ്പെടാൻ പാടില്ലാത്തതാണ്.ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്,പെരുമ്പടപ്പ് | 2015-16 | 62,500 | ഭിന്നശേഷി-സ്കോളർഷിപ്പ് | 62500 | 00 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11644 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1998-99 | 37 | 44 | എ.കെ. ചന്ദ്രൻ | 11503100635/19-5-15 |
| 2000-01 | 29(2), 31 | 5600 | തഹസിൽദാർ, ഏറനാട് ( റവന്യൂ റിക്കവറി-സോമസുന്ദരൻ) | 11503400005/16-10-15 |

| | | | | |
|---|---|---|---|---|
| 2011-12 & 2012-13 | 2-1-1(2) | 5000 | ഹെഡ് മാസ്റ്റർ, ഉമരി ഇംഗ്ലീഷ് സ്കൂൾ | 11503103118/18-01-2016 |
| 2011-12 & 2012-13 | 2-1-1(2) | 1000 | ബ്രാഞ്ച് മാനേജർ, എം.ഡി.സി ബാങ്ക് | 11503103040/8-01-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 97-98 | 31 | 2003-04 | വീട് നിർമാണം | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 98-99 | 37 | 2003-04 | തണ്ണിത്തുറ ബദർ പള്ളി റോഡ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 99-00 | 43 | 2003-04 | മാസ്റ്റർപടി – കാവിൽ റോഡ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 39248319 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46120190 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 240151 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 528477 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2250 | ശ്രീ.അനംഗദാസൻ<br>സെക്രട്ടറി |
| 3-6 | | 8690 | ഡോ. ഷാരിജ കെ.പി. ഷരീഫ്<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-10 | | 1,23,786 | ശ്രീ. ഷംനാദ്.ജെ |

| | | | |
|---|---|---|---|
| | | | അസി.എഞ്ചിനീയർ |
| 3-18 | | 100000+ പലിശ | ശ്രീ. പി.എസ് രാമചന്ദ്രൻ അസിസ്റ്റന്റ് സെക്രട്ടറി |
| 3-19 | | 5425 | ശ്രീമതി അനിത രാമൻ<br>ജൂനിയർ സൂപ്രണ്ട്. (സെക്രട്ടറി അധിക ചുമതല) |
| | ആകെ | 240151 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 278000 | ശ്രീമതി. കൊച്ചുബേബി<br>സെക്രട്ടറി |
| 3-3 | 3,000 | ശ്രീമതി. കൊച്ചുബേബി<br>സെക്രട്ടറി |
| 3-4 | 149581 | ശ്രീമതി. കൊച്ചുബേബി<br>സെക്രട്ടറി |
| 3-7 | 65,000 | ശ്രീമതി. കൊച്ചുബേബി<br>സെക്രട്ടറി |
| 3-8 | 10,000 | ശ്രീമതി. കൊച്ചുബേബി<br>സെക്രട്ടറി |
| 3-12 | 22896 | ഡോ. ഷാരിജ കെ.പി. ഷരീഫ്<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| | 528477 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനംഗദാസൻ<br>സെക്രട്ടറി | സെക്രട്ടറി, വെളിയങ്കോട് ഗ്രാമപഞ്ചായത്ത് | തട്ടാത്ത് വീട്<br>മുല്ലശ്ശേരി.പി.ഓ<br>തൃശ്ശൂർ ജില്ല |
| ഡോ. ഷാരിജ കെ.പി. ഷരീഫ്<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി വെളിയങ്കോട് | ഹാപ്പി ഹോം<br>പറങ്ങത്ത് ഹൗസ്<br>കൊടക്കൽ പി.ഒ<br>തിരൂർ, മലപ്പുറം<br>676108 |
| ശ്രീ. ഷംനാദ്.ജെ<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി സെക്ഷൻ, | കാട്ടക്കൽ ഹൗസ്<br>മുളമ്മൂട്,കാരിക്കുഴി, |

| | | |
|---|---|---|
| | മുടക്കൽ,തിരുവനന്തപുരം | പനവൂർ.പി.ഓ<br>നെടുമങ്ങാട്, തിരുവനന്തപുരം |
| ശ്രീ. പി.എസ് രാമചന്ദ്രൻ<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി , വെളിയങ്കോട് ഗ്രാമപഞ്ചായത്ത് | പാർവതി നിലയം<br>ആര്യാട് നോർത്ത് പി.ഒ<br>ആലപ്പുഴ 688538 |
| ശ്രീമതി അനിത രാമൻ<br>ജൂനിയർ സൂപ്രണ്ട്.<br>(സെക്രട്ടറി അധിക ചുമതല) | ജൂനിയർ സൂപ്രണ്ട്, വെളിയങ്കോട് ഗ്രാമപഞ്ചായത്ത് | ചെറുവത്തൂർ, പുഷ്പകം, കക്കാട്, കുന്നംകുളം പി.ഒ. തൃശ്ശൂർ 680012 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപ്പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1969-70 | LFM.09/193/87 date 10.02.1997 | 01 | |
| 1971-72 | LFM.09/194/87 date 10.02.1997 | 21 | |
| 1972-73 | LFM.09/195/87 date 10.02.1997 | 02 | |
| 1975-76 | LFM.09/199/87 date 12.07.1997 | 12 | |
| 1977-78 | LFM.09/201/87 date 12.07.1997 | 09 | |
| 1978-79 | LFM.09/202/87 date 12.07.1997 | 17 | |
| 1979-80 | LFM.09/203/87 date 12.07.1997 | 21 | |
| 1980-81 | LFM.09/204/87 date 12.07.1997 | 23 | |
| 1981-82 | LFM.09/205/87 date 12.07.1997 | 27 | |
| 1982-83 | LFM.09/265/87 date 19.12.1996 | 22 | |
| 1983-84 | LFM.09/108/84 date 12.72.1997 | 44 | |
| 1984-85 | LFM.09/510/90 date 19.01.1999 | 33 | |
| 1985-86 | LFM.09/1092/91 date 08.01.1992 | 18 | |
| 1986-87<br>1987-88 | LFM.09/1679/92 date 08.12.1992 | 27 | |
| 1988-89 | LFM.08/209/95 date 08.08.1996 | 10 | |

| | | | |
|---|---|---|---|
| 1989-90 | | | |
| 1990-91 | LFM.09/1568/93 date 26.07.1993 | 09 | |
| 1991-92 | LFM.09/211/93 date 26.07.1993 | 17 | |
| 1992-93 | LFM.08/1568/95 date 13.09.1995 | 07 | |
| 1993-94<br>1994-95 | LFM.14/1456/99 date 07.12.2000 | 06 | |
| 1995-96 | LFM.04/889/01 date 05.07.2003 | 04 | |
| 1996-97 | LFM.04/88/01 date 07.11.2003 | 07 | |
| 1997-98 | LFM.14/604/02 date 05.06.2003 | 05 | |
| 1999-00 | LFM.09/1328/02 date 03.11.2003 | 06 | |
| 2000-01 | LFM.04/1329/02 date 22.06.2003 | 15 | |
| 2001-02 | LFM.04/829/03 date 23.03.2004 | 16 | |
| 2002-03 | LFM.04/1830/03 date 23.03.2004 | 09 | |
| 2003-04 | LFM.09/1632/04 date 27.04.2005 | 13 | |
| 2004-05 | LFM.09/1631/05 date 27.03.2006 | 16 | |
| 2005-06 | LFM.15/26/04 date 24.04.2009 | 17 | |
| 2006-07 | LFM.15/245/10 date 02.08.2010 | 20 | |
| 2007-08 | LFM.18/512/11 date 02.05.2011 | 19 | |
| 2008-09 | LFM.18/513/11 date 02.05.2011 | 17 | |
| 2009-10<br>2010-11 | LFM.24/33/2014 date 17.02.2014 | 14 | |
| 2011-12<br>2012-13 | KSA-MPM28/ 1419 /2016 Dtd 29-08-16 | 11 | |

| | | | |
|---|---|---|---|
| 2013-14,2014-15 | KSA-MPM28/2067/2016 Dtd 19-11-16 | 9 | |

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ്,

# Annexure 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എഎം പി എം 28/206/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി 07.02.2017 .

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വെളിയങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെളിയങ്കോട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷികധനകാര്യ പത്രിക വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

AUDIT CERTIFICATE 2015-16

No. KSA/MPM28/206/17

Kerala State Audit Department,
District Office, Malappuram.
Date 07.02.2017

Certified that I have Audited the Annual Financial Statement of Veliyankode Grama Panchayat in Malappuram District for the year 2015-16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Veliyankode Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

DeputyDirector,
Malappuram.